ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങൾ

22 (*322) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള സ്ഥലങ്ങൾ വർഗ്ഗീയസംഘടനകൾ കായിക പരിശീലനങ്ങൾക്കും പണപ്പിരിവിനും മറ്റുമായി ദുർവിനിയോഗം ചെയ്യുവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം രഹസ്യാന്വേഷണ വിഭാഗം സർക്കാരിനെ അറിയിക്കാറുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ദേശസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളായിട്ടും പ്രസ്തുത നിയമവിരുദ്ധ പ്രവർത്തകർക്കെതിരെ നിയമാനുസൃതം കേസ്സെടുക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രഹസ്യാന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടുകൾ പരസ്യമാക്കുന്നത് ഉചിതമല്ല.

(സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) വിഷയം ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

വ്യാപാര സമുച്ചയ പദ്ധതി

23 (*323) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ വ്യാപാര സമുച്ചയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly